# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1840    16.06.2014-ൽ മറുപടിയ്ക്ക്**

**കാപ്പ നിയമ പ്രകാരമുള്ള അറസ്റ്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) വാടകക്കൊലയാളികൾ, വ്യാജമദ്യവില്പനക്കാർ തുടങ്ങിയവർക്കെതിരെ ഉപയോഗിക്കുന്ന 'കാപ്പ' നിയമം സി.പി.ഐ. (എം) പ്രവർത്തകർക്കെതിരെ വ്യാപകമായി രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടുകൂടി ഉപയോഗിക്കപ്പെടുന്നതായി പറയപ്പെടുന്നത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം രാഷ്ട്രീയ പ്രവർത്തകർക്കെതിരെ വൈരനിര്യാതന ബുദ്ധിയോടെ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരുതൽ തടങ്കൽ സംബന്ധിച്ച് ഭരണഘടനയിലെ രക്ഷാവ്യവസ്ഥകളും മറ്റ് സ്റ്റാറ്റ്യൂട്ടറി പരിരക്ഷകളും പാലിച്ചുകൊണ്ടാണ് മേൽ നിയമപ്രകാരം ജില്ലാ മജിസ്ട്രേട്ടുമാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. കരുതൽ തടങ്കലിന് മതിയായ കാരണമുണ്ടോ എന്ന കാര്യത്തിൽ ഭരണഘടനാനുസൃതമായി, റിട്ടയേഡ് ഹൈക്കോടതി ജഡ്ജി ചെയർമാനായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഉപദേശക ബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് കരുതൽ തടങ്കൽ തുടരണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. |
| ബി) എത്ര സി.പി.ഐ. (എം) രാഷ്ട്രീയ പ്രവർത്തകർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് 'കാപ്പ' നിയമ പ്രകാരം എത്ര കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദവിവരം നൽകുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 'കാപ്പ' നിയമ പ്രകാരം രണ്ട് സി.പി.ഐ. (എം) പ്രവർത്തകർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ഒന്നു വീതം കേസാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ